**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 587** **17-09-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ഡോ. എം. കെ. മുനീർ</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ നിലവിൽ എത്ര ഒഴിവുകളാണ് നിലനിൽക്കുന്നതെന്ന് തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ;</td><td>(എ)</td><td>സംസ്ഥാന ജി.എസ്.ടി വകുപ്പിൽ നിലവിലുള്ള ഒഴിവുകളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നമ്പർ</th><th>തസ്തിക</th><th>ഒഴിവുകളുടെ എണ്ണം</th></tr>
<tr><td>1.</td><td>അഡീഷണൽ കമ്മീഷണർ</td><td>1</td></tr>
<tr><td>2.</td><td>ജോയിന്റ് കമ്മീഷണർ</td><td>1</td></tr>
<tr><td>3.</td><td>ഡെപ്യൂട്ടി കമ്മീഷണർ</td><td>12</td></tr>
<tr><td>4.</td><td>സ്റ്റേറ്റ് ടാക്സ് ഓഫീസർ</td><td>13</td></tr>
<tr><td>5.</td><td>അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ</td><td>1</td></tr>
<tr><td>6.</td><td>സീനിയർ ടാക്സ് അസിസ്റ്റന്റ്</td><td>0</td></tr>
<tr><td>7.</td><td>ക്ലാർക്ക്</td><td>1</td></tr>
<tr><td>8.</td><td>ടൈപ്പിസ്റ്റ്</td><td>0</td></tr>
<tr><td>9.</td><td>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്</td><td>0</td></tr>
<tr><td>10.</td><td>ഡ്രൈവർ</td><td>1</td></tr>
<tr><td>11.</td><td>ക്ലറിക്കൽ അസിസ്റ്റന്റ്</td><td>2</td></tr>
<tr><td>12.</td><td>ഓഫീസ് അറ്റന്റന്റ്</td><td>2</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഗസറ്റഡ് തസ്തികകളിലെ ഒഴിവുകൾക്ക് വേണ്ടി സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, തയ്യാറാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;</td><td>(ബി)</td><td>ഉണ്ട്. സ്റ്റേറ്റ് ടാക്സ് ഓഫീസർമാരുടെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിൽ കേസ് നിലനിൽക്കുന്നതിനാൽ സീനിയോറിറ്റി ലിസ്റ്റ് ഫൈനലൈസ് ചെയ്യുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ ഡെപ്യൂട്ടി കമ്മീഷണർമാരുടെ 12 ഒഴിവുകളിലേയ്ക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.<br><br>കൂടാതെ ഈ വർഷം അപ്രതീക്ഷിതമായി ഉണ്ടായ ഒഴിവുകളിലേക്ക് Adhoc DPC കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | സംസ്ഥാന ടാക്സ് ഓഫീസർ തസ്തികയിലെ ഒഴിവുകളിൽ എത്രയെണ്ണമാണ് നേരിട്ടുള്ള നിയമനത്തിനായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ വകയിരുത്തലിന് സർക്കാർ തലത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിരുന്നോ; വിശദമാക്കുമോ ; | (സി) | വകുപ്പിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലെ നിയമനം 80:20 എന്ന അനുപാതത്തിൽ ബൈട്രാൻസ്ഫർ വഴിയും നേരിട്ടുള്ള നിയമനം വഴിയുമാണ് നടത്തുന്നത്. ഇതു കണക്കാക്കുന്നത് സംബന്ധിച്ച് 03.04.2018 തീയതിയിലെ D3/4/2018- Taxes കത്ത് പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. സർക്കാർ സ്പഷ്ടീകരണം അനുസരിച്ച് “Special recruitment under rule 17A and also special recruitment under sports quota / compassionate appointment will not come under the purview of Special Rules. Candidates appointed under these categories cannot be included in the quota for direct recruitment. The number of candidates recruited under these categories has to be deducted from the Cadre Strength and the ratio prescribed for direct recruitment and promotion/transfer has to be applied to the remaining posts." സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയുടെ permanent cadre strength 557 ആണ്. ടി സർക്കാർ സ്പഷ്ടീകരണം അനുസരിച്ച് നേരിട്ടുള്ള നിയമനത്തിനായുള്ള സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയുടെ എണ്ണം നിലവിൽ 105 ആണ്. |
| (ഡി) | നേരിട്ടുള്ള നിയമിതർക്ക് ഒരുവർഷത്തെ പരിശീലനം നിർബന്ധമായതിനാൽ ടി ഒഴിവുകൾ പ്രമോഷനിലൂടെ നികത്താതിരുന്നതുകൊണ്ട് പല ഉദ്യോഗസ്ഥരും പ്രമോഷൻ ലഭിക്കാതെ വിരമിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | വകുപ്പിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് നേരിട്ട് നിയമിതരാകുന്ന സ്റ്റേറ്റ് ടാക്സ് ഓഫീസർമാർക്ക് ഒരു വർഷത്തെ നിർബന്ധിത പരിശീലനത്തിനു ശേഷമാണ് റഗുലർ തസ്തികയിൽ നിയമനം നൽകുന്നത്. ഇത്തരത്തിൽ നിയമിതരായ സ്റ്റേറ്റ് ടാക്സ് ഓഫീസർമാർക്ക് വകുപ്പിൽ പരിശീലനം നടന്നുവരികയാണ്. പരിശീലനകാലയളവിൽ ഇവർക്കായുള്ള റഗുലർ തസ്തികകൾ ഒഴിച്ചിട്ടിരിക്കുകയാണ്. പ്രമോഷൻ വഴി നികത്തേണ്ട തസ്തികകൾ ഒഴിച്ചിട്ടിട്ടില്ല പരിശീലനത്തിന് ശേഷം റഗുലർ തസ്തികകളിൽ ടി പേർക്ക് സംസ്ഥാന നികുതി കമ്മീഷണർ നിയമന ഉത്തരവ് നൽകുന്നതാണ്. |
| (ഇ) | വകുപ്പ് സുതാര്യമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നതിനായി സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ താമസംവിനാ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | വകുപ്പിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് നേരിട്ട് നിയമിതരാകുന്ന സ്റ്റേറ്റ് ടാക്സ് ഓഫീസർമാർക്ക് ഒരു വർഷത്തെ നിർബന്ധിത പരിശീലനത്തിനു ശേഷമാണ് റഗുലർ തസ്തികയിൽ നിയമനം നൽകുന്നത്. ഇത്തരത്തിൽ നിയമിതരായ സ്റ്റേറ്റ് ടാക്സ് ഓഫീസർമാർക്ക് വകുപ്പിൽ പരിശീലനം നടന്നുവരികയാണ്. പരിശീലനകാലയളവിൽ ഇവർക്കായുള്ള റഗുലർ തസ്തികകൾ ഒഴിച്ചിട്ടിരിക്കുകയാണ്. പ്രമോഷൻ വഴി നികത്തേണ്ട തസ്തികകൾ ഒഴിച്ചിട്ടിട്ടില്ല പരിശീലനത്തിന് ശേഷം റഗുലർ തസ്തികകളിൽ ടി പേർക്ക് സംസ്ഥാന നികുതി കമ്മീഷണർ നിയമന ഉത്തരവ് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ